നടപടിയെ സംബന്ധിച്ചു റിവിഷൻ ഹർജി നിലവിലുള്ള സാഹചര്യം ഉണ്ടായാൽപ്പോലും കേസിന്റെ വിചാരണ മാറ്റിവയ്ക്കാൻ പാടില്ലെന്നും പ്രസ്തുത നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഒരു നിയമ ഭേദഗതിയുടെ ആവശ്യം സർക്കാരിന്റെ പരിഗണനയിലില്ല.

(സി&ഡി) സംസ്ഥാനത്ത് 2 പുതിയ വിജിലൻസ് കോടതികൾ രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അഴിമതി നിരോധന നിയമപ്രകാരമുള്ള കേസുകളിന്മേലുള്ള അപ്പീലുകൾ പരിഗണിക്കുന്നതിനായി ഹൈക്കോടതി പ്രത്യേക ബെഞ്ച് 27-1-2014 മുതൽ പ്രാബല്യത്തിൽ രൂപീകരിച്ചിട്ടുണ്ട്.

ജയിൽ ചട്ടങ്ങളുടെ പരിഷ്കരണം

185 (4520) ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽ ചട്ടങ്ങൾ പരിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത ചട്ടങ്ങളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് വരുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ജയിലുകളുടെ നവീകരണത്തിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് ചട്ടങ്ങളിൽ വരുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത ചട്ടങ്ങൾക്ക് എന്ന് മുതലാണ് പ്രാബല്യമുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ-സി) 6-5-2014-ലെ സ.ഉ.(പി) നമ്പർ 89/2014/ആഭ്യന്തരം എന്ന സർക്കാർ ഉത്തരവുപ്രകാരം കേരളാ ജയിൽ ചട്ടങ്ങൾ പരിഷ്കരിക്കുകയുണ്ടായി (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).*

(ഡി) 6-5-2014 മുതൽ പ്രാബല്യത്തിൽ വന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly